Rao Bahadur M. Narayana Menon *(Commissioner of Police):* It is not worth mentioning here.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഇതു് ഏതു് ഓണറബിൾ മെമ്പറെപ്പറ്റിയാണെന്നു ഗവൺമെണ്ടിനറിയാമോ ?

Rao Bahadur M. Narayana Menon *(Commissioner of Police):* I have received petitions about so many hon'ble members and other people and I do not think it worth mentioning their names.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അതിൽ ഒരാളെപ്പറ്റി ഡിഫമേറ്ററി സ്റ്റേറ്റുമെൻറുണ്ടെങ്കിൽ അതിനെപ്പറ്റി ഗവൺമെണ്ടു് ആക്ഷൻ എടുക്കേണ്ടതല്ലേ ?

Mr. President : It is for the person concerned to file a suit.

റാവുബഹദൂർ എം. നാരായണമേനോൻ : ഗവൺമെണ്ടെന്തിനാണു് ആക്ഷൻ എടുക്കുന്നതു്. അതു് ആ ആൾതന്നെ അറിഞ്ഞാൽ മതി.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഒരാൾ ഇങ്ങിനെ അനോണിമസ്സായിട്ടു് എഴുതിയാൽ അയാളെ അന്വേഷിച്ചു പിടിക്കേണ്ടതല്ലേ ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : അതിൻറെ അടിയിൽ ഇന്നയിന്ന ആളുകൾ, ഇന്ന പ്രസ്സിലാണു് അടിച്ചതു" എന്നുണ്ടായിരുന്നുവോ ?

റാവുബഹദൂർ എം. നാരായണമേനോൻ : ഇതു് അനോണിമസ്സാണു്.

മിസ്റ്റർ സി. വി. ഇയ്യു : അതിൽ അടിച്ച പ്രസ്സിൻറെ പേരില്ലേ ?

റാവുബഹദൂർ എം. നാരായണമേനോൻ : ഇല്ല.

മിസ്റ്റർ സി. വി. ഇയ്യു : എന്നാൽ അതു് പ്രസ്സ് ആക്ടിനു വിരോധമായതുകൊണ്ടു് ആക്ഷൻ എടുക്കേണ്ടതല്ലേ ?

റാവുബഹദൂർ എം. നാരായണമേനോൻ : അതു് എടുക്കേണ്ട ആൾ എടുത്തുകൊള്ളും.

മിസ്റ്റർ എ. ബി. സേലം : ഇതു വല്ല പ്രസംഗത്തെ സംബന്ധിച്ചുമാണോ?

റാവുബഹദൂർ എം. നാരായണമേനോൻ : പലതിനെ സംബന്ധിച്ചുമുണ്ടു്. അതൊന്നും പറയുവാൻ നിവൃത്തിയില്ല.

HOSPITALS—SUPPLY OF BED-SHEETS—CONTRACT FOR

174. മിസ്റ്റർ സി. കുഞ്ഞൻ നമ്പൂതിരിപ്പാട് : താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടിൽ നിന്നും ദയവുചെയ്തു മറുപടി പറയാമോ.—

(എ) കൊച്ചി രാജ്യത്തിലുള്ള ആശുപത്രികളിലെ ഉപയോഗത്തിനു് ഫ്ലാനൽ-ൽ വാങ്ങിച്ച ബെഡ്ഷീറ്റു് എത്ര;

(ബി) അതുകൾക്കു് ഒട്ടാകെ എന്തുവില വന്നിട്ടുണ്ടു്;

(സി) ആരാണു ബെഡ്ഷീറുകൾ സപ്ലൈചെയ്തതു്;

(ഡി) ടെണ്ടർ വിളിച്ചാണോ എല്പിച്ചതു്;

(ഇ) അതുകൾ സ്വദേശിയോ, വിദേശിയോ ?

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ ടി. വർഗ്ഗീസ്സ് :

(എ) ഫസ്റ്റ് ക്ലാസ്സ്.

(ബി) കോഴിക്കോട്—ഫോർത്ത്.

(സി) സെൻട്രൽ ജെയിൽ.

(ഡി) അല്ല.

(ഇ) സ്വദേശി.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി : സെൻട്രൽ ജയിലിൽ സപ്ലൈ ചെയ്യുന്നത് അവിടെയുണ്ടാക്കിയതൊ അല്ലെങ്കിൽ പുറമെനിന്നു മേടിച്ചു സപ്ലൈ ചെയ്യുന്നതൊ ?

ഡോക്ടർ ടി. വർഗ്ഗീസ്സ് : അവിടെയുണ്ടാക്കുന്നതാണ്.

POLICE CONSTABLES ETC.,—TREATMENT IN HOSPITALS—INSTRUCTIONS REGARDING

175. മിസ്റ്റർ കെ. എസ്സ്. പണിക്കർ : താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു ദയവായി മറുപടി പറയുമൊ.—

(എ) പൊല്ലീസ് കോൺസ്റ്റബിൾമാരൊ ഫെഡ് കോൺസ്റ്റബിൾമാരൊ ഇൻസ്പെക്ടർമാരൊ വല്ല സുഖക്കേടുമൂലം ആശുപത്രികളിലൊ ഡിസ്പൻസറികളിലൊ ചെന്നാൽ അവരെ ആസ്പത്രിയിലൊ ഡിസ്പൻസറിയിലൊ കിടത്തി ചികിത്സിക്കുന്നതല്ലാതെ ഒഴട്ട് പേഷ്യൻറായി ചേക്കരുതെന്നൊ മെഡിക്കൽ സർട്ടിഫിക്കറു കൊടുക്കരുതെന്നൊ ചീഫ് മെഡിക്കൽ ആഫീസക്കൊ സിവിൽസർജന്മാക്കൊ അസിസ്റ്റൻറ് സർജന്മാക്കൊ പോലീസു കമ്മീഷണർ അവർകൾ എഴുതുകയൊ മറുവിധത്തിൽ അവരെ ധരിപ്പിക്കുകയൊ ഉണ്ടായിട്ടുണ്ടൊ ;

(ബി) ഇൻപേഷ്യൻറായി ചേർക്കത്തക്ക ദീനം ഇല്ലാത്തു മേൽപറഞ്ഞവരെ ആസ്പത്രികളിൽ ചേർക്കുകയാൽ ദൂരദിക്കുകളിൽ നിന്നു അപായകരമായ നിലയിൽ വന്നിട്ടുള്ള അനവധി രോഗികൾക്കു സ്ഥലമില്ലായ്കയാൽ വളരെ ബുദ്ധിമുട്ടുകൾ നേരിടുന്നതായി ഗവർമ്മെണ്ടിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടൊ ?

ഡോക്ടർ ടി. വർഗ്ഗീസ്സ് :

(എ) ഇല്ല; പക്ഷെ പോലീസു കമ്മീഷണരുടെയൊ വേറെ ഏതെങ്കിലും പോലീസു മേലധികാരിയുടെയൊ ആവശ്യപ്രകാരമല്ലാതെ പോലീസുദ്യോഗസ്ഥന്മാർക്കു മെഡിക്കൽ സർട്ടിഫിക്കറു കൊടുക്കരുതെന്നുമാത്രം കമ്മീഷണർ എഴുതിയിട്ടുണ്ടു്.

(ബി) ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : സർട്ടിഫിക്കറു കൊടുക്കുന്നതു പോസ്റ്റോപ്പ് കൊണ്ടുവന്നെങ്കിലല്ലേയുള്ളു ?

Rao Bahadur M. Narayana Menon *(Commissioner of Police):* When I want a police man to be examined, I requisition.

LIBRARY ARCHIVES Kerala Legislative Assembly